**BISHOP'S HOUSE**
COCHIN - 682 001, S. INDIA

Phone: 0484 2215400 (Office)
Fax: 0484 2215404
bpjosephkariyil@gmail.com

**PL/1/2016**

പ്രിയ  സഹോദരൻമാരേ,

ശീതയുദ്ധാനന്തരകാലത്ത് മനുഷ്യാവകാശങ്ങൾ, ജനാധിപത്യം, സ്വതന്ത്രവിപണി തുടങ്ങിയവയാവും ലോകത്തിലെ നിയാമകശക്തികളെന്ന് പലരും കരുതുകയുണ്ടായി. അപ്പോഴാണ് സാമുവൽ ഹണ്ടിങ്ടൻ എന്ന രാഷ്ട്രീയചിന്തകൻ The Clash of Civilizations and the Remaking of The Third World എന്ന ഗ്രന്ഥത്തിൽ പുതിയൊരു സിദ്ധാന്തം അവതരിപ്പിച്ചത്. പ്രത്യയശാസ്ത്രങ്ങളുടെ കാലം അസ്തമിച്ചു എന്ന് അദ്ദേഹം പറഞ്ഞു. സംസ്കാരങ്ങൾ തമ്മിലുള്ള സംഘർഷങ്ങളുടെ കാലമാണ് ഇനി മുന്നിലുള്ളത്. ലോകത്തിൽ ഇനി ഉണ്ടാകാനിടയുള്ള സംഘർഷങ്ങളെല്ലാം മതപരവും സാംസ്കാരികവുമായ അടിസ്ഥാനത്തിലാവും സംഭവിക്കുക എന്ന് അദ്ദേഹം സിദ്ധാന്തിച്ചു. ഇതേവരെ പടിഞ്ഞാറൻ സംസ്കാരം ചരിത്രഗതിയെ നിയന്ത്രിക്കുന്നതിൽ മേൽക്കൈ നേടിയെങ്കിൽ, ലോകത്തിലെ മറ്റുസംസ്കാരങ്ങൾ ഇനിമുതൽ ചരിത്രഗതിയെ പിടിയിലൊതുക്കാൻ ശ്രമിക്കും. പണ്ഡിതൻമാർക്കിടയിൽ ഹണ്ടിങ്ടന്റെ സിദ്ധാന്തത്തിന് കാര്യമായ സ്വീകാര്യത കിട്ടുകയുണ്ടായില്ല. എന്നാൽ, വർത്തമാനകാലസംഭവങ്ങൾ ഹണ്ടിങ്ടൻ മുൻകൂട്ടി കണ്ട ദിശയിലാണോ ചരിത്രം സഞ്ചാരം തുടങ്ങിയിരിക്കുന്നതെന്ന് ആശങ്കപ്പെടാൻ പ്രേരിപ്പിക്കുന്നുണ്ട്. കമ്യൂണിസത്തിന്റെ തകർച്ചയ്ക്കു പിന്നാലെ കിഴക്കൻ യൂറോപ്പിലുണ്ടായ പുത്തൻ രാഷ്ട്രങ്ങളുടെ ഉദയവും ഇപ്പോഴും തുടരുന്ന പ്രശ്നങ്ങളും ഹണ്ടിങ്ടന്റെ സിദ്ധാന്തത്തെ സാധൂകരിക്കുന്നതു പോലെയായിരുന്നു. ലോകരാഷ്ട്രങ്ങളൊരുമിച്ച് എതിർക്കാനിറങ്ങിയിട്ടും ഐസിസിന്റെ (ISIS) ജനസ്വാധീനം കുറയുന്നതായി തോന്നുന്നില്ല. “ദി ഹിന്ദു”വിന്റെ കഴിഞ്ഞ വർഷത്തെ അവസാനത്തെ സൺഡേ മാഗസിനിൽ വന്ന ഒരു ലേഖനത്തിന്റെ തലക്കെട്ട് “The Year of the Cow” എന്നായിരുന്നു. രാഷ്ട്രീയമോ സമ്പദ്ഘടനയോ ഒന്നുമായിരുന്നില്ല കടന്നുപോയ വർഷത്തിൽ ഇന്ത്യയിൽ ചർച്ചാപ്രാധാന്യം നേടിയ വിഷയം. സംസ്കാരം ഒരു ജീവന്മരണ പ്രശ്നമായ വർഷമാണ് 2015. നീതി, സമത്വം, ചൂഷണത്തിന്റെ അന്ത്യം എന്നിവയ്ക്ക് പകരം, നമ്മൾ എന്തു പറയുന്നു? എന്തു തിന്നുന്നു? എന്തുടുക്കുന്നു? ആരെ വിവാഹം ചെയ്യുന്നു? തുടങ്ങിയ കാര്യങ്ങളാണ് പ്രമുഖ പരിഗണനയായി വന്നത്. “2015 എന്ന വർഷത്തെ രണ്ടുവാക്കുകൾ കൊണ്ട് അടയാളപ്പെടുത്താം: ഗോമാംസവും അസഹിഷ്ണുതയും”!

ഒരു പ്രത്യേകജനവിഭാഗം പരസ്പരം പങ്കുവയ്ക്കുന്നതും തലമുറകളിൽനിന്ന് തലമുറകളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നതുമായ പെരുമാറ്റ – സ്വഭാവസവിശേഷതയെന്ന് സംസ്കാരത്തെ വിശദീകരിക്കാം. പുരോഗമിച്ചത് (Advanced), പ്രാകൃതം (Primitive) എന്ന

വിശേഷണകല്പന സംസ്കാരത്തെ സംബന്ധിച്ച് നിലവിലുണ്ട്. രണ്ടു വ്യത്യസ്ത സംസ്കാരങ്ങൾ തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഒന്നു മറ്റൊന്നിൽനിന്ന് വ്യത്യസ്തം എന്നല്ലാതെ ഒന്നു മറ്റൊന്നിനേക്കാൾ കേമം എന്നുപറയുന്നതിനു സാധൂകരണമില്ല. ആവിർഭാവകാലം ഗുണമേന്മാവിവേചനത്തിന് അളവുകോലാകുന്നില്ല. വിവിധ സംസ്കാരങ്ങളുടെ ആന്തരികസത്ത ആറ്റിക്കുറുക്കിയെടുത്താൽ എല്ലാം ഒന്നു പോലിരിക്കുകയില്ലേ? "എല്ലാ മതവും ഒന്നാണ്; എന്റെ മതം ഒന്ന്-ഒന്നരയാണ്" എന്നുപറയുമ്പോലെയാണ് "ഞങ്ങളുടെ സംസ്കാരമാണ്" മെച്ചപ്പെട്ടത് എന്ന വിചാരവും. ഒരു സംസ്കാരം മറ്റൊരു സംസ്കാരത്തിന്റെ സഹചാരി (കൂടെ ചരിക്കുന്നവൻ) എന്നല്ലാതെ സഹജാരി (സ്വഭാവത്താലേ ശത്രു) ആവുന്നില്ല.

ഒരു സംസ്കൃതചിത്തം മനസ്സിൽ രൂപപ്പെട്ടു കിട്ടുന്നതാണു സംസ്കാരമെങ്കിൽ ഒന്നു മറ്റൊന്നിനു ശത്രുവാകാൻ പറ്റില്ലല്ലോ. പരസ്പരമുള്ള ഇടപഴകലിന്റെ അഭാവമാണ് മുൻവിധികൾക്കും തെറ്റിധാരണകൾക്കും കാരണം. ഒരാൾ തന്റെ അനന്യതയും തനിമയും വ്യക്തിത്വവും നിർവ്വചിക്കുമ്പോൾ മറ്റുള്ളവരിൽനിന്ന് തനിക്കുള്ള വ്യത്യാസത്തിൽ ഊന്നിക്കൊണ്ടാവും അതു ചെയ്യുക. വ്യത്യസ്തത വൈരുധ്യമായിട്ടല്ല വ്യവഹരിക്കപ്പെടുന്നത്. ചേർന്നുനില്ക്കാനല്ലാതെ ചേരിതിരിഞ്ഞുനില്ക്കാനല്ല ഒരാൾ തന്നെ നിർവ്വചിക്കുക വഴി ഉന്നമിടുന്നത്. പരാനുഭൂതിക്ക് മനുഷ്യഹൃദയത്തിൽ ഒരിടവുമില്ലാത്ത അവസ്ഥയുണ്ടാവില്ല. കൃത്യമായി ചേരുമോ എന്ന ശങ്കയോടുകൂടിത്തന്നെ ഒരുദാഹരണം പറയട്ടെ: മുല്ലപ്പെരിയാറിലെ ജലനിരപ്പ് 142 അടിയിലേയ്ക്ക് ഉയർന്നുകൊണ്ടിരിക്കെ ഡാമിന്റെ ഇരുവശത്തു താമസിച്ചിരുന്ന കേരളീയരും നദീതടങ്ങളിലുള്ളവരും ജീവനും വസ്തുവിനും നാശം വരുന്നതിന്റെ ഭീതിയിലായിരുന്നു. അതേനേരത്ത് ചിലതീവ്രവാദതമിഴു കക്ഷികൾ കേരളത്തിനെതിരേ സമരപരിപാടികൾ സംഘടിപ്പിക്കുകയായിരുന്നു. ആനേരത്ത് നോഹയുടെ കാലത്തെന്നപോലെ ആകാശം തുറക്കപ്പെടുകയും ചെന്നൈയും പരിസരനാടുകളും വെള്ളത്തിനടിയിലാവുകയും ചെയ്തു. പ്രത്യേക ആഹ്വാനമൊന്നുമില്ലാതെതന്നെ കേരളത്തിൽനിന്ന് വെള്ളവും ആഹാരസാധനങ്ങളും നിറച്ച വാഹനങ്ങളുടെ നീണ്ടനിര ചെന്നൈയിലേയ്ക്കു പോകുന്ന അനുഭവമുണ്ടായി. മറ്റൊന്നുമോർക്കാതെ, ആവശ്യക്കാരന്റെയടുത്തേയ്ക്ക് എത്തുന്ന ഇത്തരം മന:സ്ഥിതിയെയാണ് പരാനുഭൂതി എന്നുപറയുന്നത്. അടുക്കളയുടെ വാതിലടയ്ക്കുംമുമ്പ് "അത്താഴപ്പട്ടിണിക്കാരുണ്ടോ?" എന്നു ചോദിക്കുന്ന ഒരു പാരമ്പര്യത്തിന്റെ പിൻതുടർച്ചയായിരുന്നു അത്. ചരിത്രാരംഭംമുതലേയുള്ള മനുഷ്യ സ്വഭാവത്തിന്റെ പ്രകടനവുമായിരുന്നു അത്. "പകരത്തിനു പകരം" എന്നത് ധർമ്മനീതിയുടെ അളവുകോലായി നിശ്ചയിക്കപ്പെട്ടിരുന്ന കാലത്താണ് പുറപ്പാട്ഗ്രന്ഥത്തിലെ നിയമം അനുശാസിച്ചത്: "ശത്രുവിൻെറ കാളയോ കഴുതയോ വഴിതെറ്റിപ്പോകുന്നതു കണ്ടാൽ അതിനെ അവൻെറ അടുക്കൽ തിരിച്ചെത്തിക്കണം. നിന്നെ വെറുക്കുന്നവൻെറ കഴുത, ചുമടിനുകീഴെ വീണു കിടക്കുന്നതു കണ്ടാൽ, നീ കടന്നു പോകരുത്; അതിനെ എഴുന്നേൽപിക്കാൻ അവനെ സഹായിക്കണം" (പുറ. 23:4–5).

നല്ല സമരിയാക്കാരന്റെ ഉപമ ശ്രദ്ധിച്ചുവായിക്കാം. സമരിയാക്കാരും യഹൂദരും കൊടുക്കവാങ്ങലുകളില്ലാത്ത പാരമ്പര്യവൈരികൾ. എന്നാൽ അർദ്ധപ്രാണനായി കിടക്കുന്ന യഹൂദനെ സഹായിക്കാതെ, ബലിയർപ്പണത്തിന്റെ ആവശ്യത്തിനാണെങ്കിൽപ്പോലും, കടന്നു പോകുന്നത് രണ്ട് സ്വജാതിക്കാർ! സഹായത്തിനെത്തുന്നതാകട്ടെ, ഒരു സമരിയാക്കാരനും!

യോനാ മാനസാന്തരം പ്രസംഗിക്കാൻ നിയോഗിക്കപ്പെടുന്നത് വിജാതീയരുടെ നഗരമായ നിനവേയിലേയ്ക്കാണ്. സാംസ്കാരികമായ മുൻവിധികളെയും തൊട്ടുകൂടായ്മയെയും മറികടക്കാനാണ് വിശുദ്ധ ഗ്രന്ഥത്തിന്റെ പ്രബോധനം. "മറ്റുള്ളവരുടെ ആചാരങ്ങൾ അനുകരിക്കരുത്; നിങ്ങൾ വിശുദ്ധ ജനമാണ്, മാറ്റിനിർത്തപ്പെട്ട" ജനമാണ് എന്നുപറയുമ്പോഴും അടിസ്ഥാനമനോഭാവങ്ങളിൽ എല്ലാവരുമായി സാഹോദര്യത്തിന്റെ ബന്ധത്തെ വേദഗ്രന്ഥം ലക്ഷ്യമിടുന്നുണ്ട്. "വിശേഷവിധി" യായ സ്നേഹമാണ് ശിഷ്യനിൽനിന്ന് ആവശ്യപ്പെട്ടിരിക്കുന്നത്.

വിഭജനത്തിന് ആക്കം കൂട്ടുന്ന വാഗ്പ്രയോഗങ്ങൾ, ശക്തിപ്രകടനങ്ങളാകുന്ന ജാതിസമ്മേളനങ്ങൾ, "എണ്ണാമെങ്കിൽ എണ്ണിക്കോ" എന്ന ഭീഷണമുദ്രാവാക്യങ്ങൾ – എല്ലാം കൂടി നമ്മുടെ നാട്ടിലാകെ കലുഷിതമായ ഒരന്തരീക്ഷമുണ്ട്. വർഗ്ഗവും ജാതിയുമൊക്കെ സംഘടിക്കുന്നതിൽ തെറ്റുകാണാനാവില്ല. എന്നാൽ, നാട്ടിലെ സംഘടിക്കലൊക്കെ ഒളിഞ്ഞോ തെളിഞ്ഞോ ചൂണ്ടിക്കാണിക്കപ്പെടുന്ന ഒരു ശത്രുവിനെതിരെ ആകുന്നതാണ് അപകടകരമാകുന്നത്. സത്യം സംഘം നിർദ്ദേശിക്കുന്നതാവണമെന്നില്ല. അങ്കഗണിതമാണോ ശരിതെറ്റുകളുടെ അളവുകോൽ? 'ചിലവിഭാഗങ്ങളിൽ സമ്പത്ത് കുന്നുകൂടുന്നു; അത് പൊതുസമ്പത്തിൽ നിന്നുള്ള അപഹരണം വഴി സംഭവിക്കുന്നതാണ്. വിതരണം ന്യായമായവിധത്തിൽ നടക്കുന്നില്ലാ'-എന്നൊക്കെയുള്ള ആരോപണങ്ങൾ വസ്തുതാപരമാണോ? ഒന്നാലോചിച്ചാൽ, സാമ്പത്തിക പ്രശ്നങ്ങളെ മതപര–സാംസ്കാരിക പ്രശ്നങ്ങളുടെ വസ്ത്രമുടുപ്പിക്കൽ എല്ലായിടത്തും നടക്കുന്നുണ്ട്. സമ്പത്ത് ലോകത്തിൽ എല്ലായിടത്തും എന്നത്തേക്കാൾ കൂടുതലായി കുന്നുകൂടുന്നുണ്ടെന്നത് വാസ്തവം തന്നെ. ഉല്പാദനത്തിൽ നിന്നുള്ള ലാഭത്തിന്റെ ഏറിയപങ്കും മൂലധനപക്ഷത്തേക്കാണ് പോകുന്നത്; തൊഴിലാളിപക്ഷത്തേക്കല്ല. അല്പമെങ്കിലും പുനർവിതരണം നടക്കുന്നത് Redistribution by Immigration വഴിയാണെന്ന് തോമസ് പിക്കെറ്റി തന്റെ പ്രഖ്യാതഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട് (Thomas Piketty "Capital in the Twenty First Century"). മൂലധനത്തിന്റെ സഞ്ചാരം വഴിയല്ല, മറിച്ച് തൊഴിലിന്റെ സഞ്ചാരം വഴിയാണ് ഇത് നടക്കുന്നത്; അതായത്, വേതനം കുറഞ്ഞ സ്ഥലങ്ങളിൽ നിന്ന് വേതനം കൂടുതൽകിട്ടുന്ന സ്ഥലങ്ങളിലേയ്ക്കുള്ള തൊഴിലാളികളുടെ കുടിയേറ്റംവഴി. കേരളത്തിലെ ജനങ്ങളുടെ സമ്പത്തിന്റെ ഏറ്റക്കുറച്ചിലുകൾക്കു പിന്നിൽ ഈ പ്രതിഭാസത്തിന്റെ അനന്തരഫലമുണ്ടെന്ന് സൂക്ഷ്മപരിശോധനയിൽ കാണാം. ഈ പ്രതിഭാസത്തെ കണക്കിലെടുക്കാതെയുള്ള അപഹരണ ആരോപണങ്ങൾ വിറ്റുപോകാൻ എളുപ്പമാണെങ്കിലും വാങ്ങിവേവിച്ചു ഭക്ഷിക്കുന്നത് മാരകമായിരിക്കും.

നമ്മുടെ നാട്ടിലെ മറുനാടൻ തൊഴിലാളികളുടെ കാര്യമെടുക്കുക! കേരളത്തിൽ ഇപ്പോൾ 25 ലക്ഷത്തോളം മറുനാടൻ തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. നാട്ടുകാർ ചെയ്യാൻ മടിക്കുന്ന തൊഴിൽ രംഗങ്ങളിലാണ് അവർ ജോലി ചെയ്യുന്നത്. ഇവർ ഇല്ലായിരുന്നെങ്കിൽ കേരളത്തിലെ തൊഴിൽ മേഖല സ്തംഭിക്കുമായിരുന്നു. തൊഴിലിടങ്ങളിൽ, താമസസൗകര്യങ്ങളുടെ കാര്യത്തിൽ, ആതുരശുശ്രൂഷ ലഭിക്കുന്ന കാര്യത്തിലൊക്കെ ഇവർ വലിയ വിവേചനം നേരിടുന്നുണ്ട്. ഭീകരപ്രവർത്തകർ, ക്രിമിനലുകൾ, കള്ളനോട്ടും മയക്കുമരുന്നും കടത്തുന്നവർ എന്നൊക്കെയുള്ള മുദ്രകൾ ഇവരുടെമേൽ കാടടച്ച് ചാർത്തപ്പെടുന്നു. പൊതുവിടങ്ങൾ അവർക്ക് അന്യമാകുകയും 'ഗെറ്റോ' (ghetto)കളിലേയ്ക്ക് ഒതുങ്ങാനുള്ള അന്തരീക്ഷം അതുവഴി സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

വർഗ്ഗീയ-വംശീയപരാമർശങ്ങൾ സംസാരത്തിൽ ഒഴിവാക്കാൻ നമ്മളും നമ്മളോടുകൂടിയുള്ള വിശ്വാസികളും ശ്രദ്ധിച്ചാൽത്തന്നെ വലിയ മാറ്റം സമൂഹത്തിലുണ്ടാകും (കേരളത്തിലെ കത്തോലിക്കാസഭ ഈ മറുനാടൻ മലയാളികളുടെ ക്ഷേമത്തിനായി കാര്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്). ഈയിടെ ഒരാശുപത്രിയിൽ ഒരു ഓപ്പറേഷൻ വേണ്ടിവന്ന ഒരു ആസാംകാരൻ തൊഴിലാളിയുടെ വാർത്ത ഒരുപത്രത്തിൽ വായിക്കുകയുണ്ടായി. അയാൾക്കു വൈദ്യശുശ്രൂഷ നൽകാൻ ആരുമില്ലായിരുന്നു. വേദന സഹിക്കവയ്യാതായപ്പോൾ "റോഡിൽ ചെന്നു വണ്ടിയുടെ മുമ്പിൽ ചാടി മരിച്ചാലോ എന്നുവരെതോന്നി. ഒടുവിൽ ഒരു വൈദികനാണു സഹായത്തിനെത്തിയത്. അദ്ദേഹം മുൻകൈ എടുത്ത് രാത്രിയിൽ തൃശൂർ മെഡിക്കൽ കോളേജിലേയ്ക്കു മാറ്റി" എന്നാണു വാർത്ത. നല്ല സമരിയാക്കാരന്റെ ഉപമയ്ക്ക് പാഠഭേദവും മറുഭാഷ്യവുമൊക്കെ ചമയ്ക്കാൻ നമുക്കാവുമെന്നു മനസ്സിലാക്കാം. ഒരാവശ്യം ആരുടെ കണ്ണിലാണോ ആദ്യം പെടുന്നത് അയാളാണല്ലോ പ്രശ്നപരിഹാരത്തിന്റെ ആദ്യ ചുവടുവയ്ക്കേണ്ടത്. "ദരിദ്രരെ സുവിശേഷം അറിയിക്കാൻ..." എന്നു തുടങ്ങുന്ന ഏശയ്യാ പ്രവചനം അഭിഷേകത്തെക്കുറിച്ചോർക്കുമ്പോഴൊക്കെ നമ്മുടെ മനസ്സിൽ വരുന്നതാണല്ലോ. "നിങ്ങളുടെ നാട്ടിൽവന്നു താമസിക്കുന്ന വിദേശിയെ നിങ്ങൾ സ്വദേശിയെപ്പോലെ കണക്കാക്കണം" (ലേവ്യ 19:33–34) എന്നത് ദൈവകല്പനയാണല്ലോ.

വ്യത്യാസങ്ങൾ ഇല്ലായ്മ ചെയ്ത എല്ലാവരെയും ഒന്നുപോലെയാക്കാൻ നടത്തുന്ന ശ്രമങ്ങൾ ചെറുക്കപ്പെടണം. സൃഷ്ടിയുടെ സൗന്ദര്യംതന്നെ അതിന്റെ വൈവിധ്യമാണ്. പരസ്പരം അനുപൂരകമാകുക എന്നതിലേക്കാണ് പ്രകൃതിയിലെ വ്യത്യസ്തകൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യരുടെ സ്വാർത്ഥതയാണ് വ്യത്യാസത്തെ വൈരുദ്ധ്യമാക്കി മാറ്റുന്നത്. ഒന്ന് ഒന്നിനെതിരേ എന്നതല്ല പ്രകൃതിപാഠം. ഒന്ന് ഒന്നിനോടു ചേർന്നുള്ള പരസ്പരാശ്രിതത്വമാണ് ഇവിടെ നിയമം. മനുഷ്യനിൽ ഒരു ദ്വന്ദഭാവമുണ്ട്. നന്നായി സൃഷ്ടിക്കപ്പെട്ടെങ്കിലും ഒട്ടും വൈകാതെ മനുഷ്യഹൃദയത്തിലെ ചിന്തയും ഭാവനയും ദുഷിക്കുന്നതായി ഉല്പത്തിപ്പുസ്തകം പറയുന്നു (ഉല്പ. 6:5). അതേസമയം പരാനുഭൂതിയും മനുഷ്യമനസ്സിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. എല്ലാവരും തന്നെപ്പോലെയുള്ള മനുഷ്യരാണെന്നും അവർക്കും തുല്ല്യ അവകാശമാണുള്ളതെന്നും വിചാരിക്കാൻ അതിനാൽ മനുഷ്യനുസാധിക്കും. അതുകൊണ്ടാണ് റെയിനോൾഡ് നീബൂർ പറഞ്ഞത്: "മനുഷ്യന് നീതിചെയ്യാൻ കഴിവുണ്ട് എന്നതിനാലാണ് ജനാധിപത്യം സാധ്യമായിരിക്കുന്നത്. മനുഷ്യനിൽ അനീതിക്കുള്ള ചാച്ചിലും ഉണ്ട് എന്നതിനാലാണ് ജനാധിപത്യം അത്യാവശമായിരിക്കുന്നത്" എന്ന്. ഈ ദ്വന്ദഭാവത്തെക്കുറിച്ച് നമുക്ക് കൃത്യമായ അവബോധമുണ്ടാകണം. സ്വന്തം അവബോധങ്ങളെ തേച്ചുമിനുക്കാൻ നിരന്തരമായ പഠനം ആവശ്യമായിവരുന്നു. യാഥാർത്ഥ്യബോധത്തിലുന്നിയ ആദർശവാദമാണ് നമുക്കുവേണ്ടത്. പ്രകാശത്തിന്റെ മക്കൾക്ക് അന്ധകാരത്തിന്റെ മക്കളുടെ വിവേകം അസ്വീകാര്യമാവുന്നില്ല. അന്ധകാരത്തിന്റെ മക്കളുടെ കുടിലതമാത്രമേ ഒഴിവാക്കേണ്ടതുള്ളു. സർവ്വർക്കുമായി തുറന്നിട്ട കരുണയുടെ വാതിലായി ഹൃദയങ്ങളെ മാറ്റിപ്പണിയുക എന്നതാണല്ലോ ഇടയശുശ്രൂഷ!

സസ്നേഹം

+ജോസഫ് കരിയിൽ
കൊച്ചിമെത്രാൻ